പുതിയ റേഷൻ കാർഡ് വിതരണം

231 (1315) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നു വരുന്ന പുതിയ റേഷൻ കാർഡ് വിതരണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായി നിലവിലെ കാർഡിലെ വിവരങ്ങൾ ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം കാർഡുടമകൾക്ക് നൽകി, വിവരങ്ങൾ ശേഖരിച്ച് പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ഫോട്ടോ എടുക്കുകയും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുന്നതിനായി ഓൺലൈൻ മുഖേനയും പ്രിന്റ് നൽകിയും രേഖപ്പെടുത്തിയ ഡാറ്റായുടെ കൃത്യത ഉറപ്പുവരുത്തുകയാണ്. റേഷൻ കാർഡ് നൽകുമ്പോൾ കൃത്യമായ കാർഡ് ലഭ്യമാക്കാൻ വേണ്ടിയാണ് ഈ സംവിധാനം ഒരുക്കിയത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

പുതിയ മാവേലി സ്റ്റോറുകൾ

232 (1316) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്.

(ബി) കേരളത്തിൽ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 39 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 39 പഞ്ചായത്തുകളിൽ കൂടി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനായി ഊർജ്ജിതശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറച്ച് സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിനും അതുവഴി പൊതുവിപണിയിലെ വിലവർദ്ധനവ് നല്ലൊരു പരിധിവരെ നിയന്ത്രിക്കുന്നതിനും സാധിക്കുന്നുണ്ട്.

(സി) ഇതിനായി സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും സെക്രട്ടറിമാർക്കും ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ സപ്ലൈകോ ഹെഡ് ആഫീസിൽ നിന്നും നേരിട്ട് നൽകിയതിന് പുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിതശ്രമങ്ങൾ നടത്തുന്നതിന് സപ്ലൈകോയുടെ അഞ്ച് റീജിയണൽ മാനേജർമാർക്കും ഡിപ്പോ മാനേജർമാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പുതിയ മാവേലി സ്റ്റോറുകൾ

233 (1317) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും കൊരട്ടി പഞ്ചായത്തിലെ വാലുണ്ടാമുറിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly